**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** — **01-02-2024 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നവീകരിച്ച പാഠ്യപദ്ധതി അടിസ്ഥാനമാക്കിയുള്ള പാഠപുസ്തകങ്ങളുടെ രചന പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പുസ്തകവിതരണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഇതിനായി സ്വീകരിച്ച ക്രമീകരണങ്ങൾ വിശദമാക്കാമോ; | (എ) | 1,3,5,7,9 ക്ലാസുകളിലെ വിവിധ വിഷയങ്ങളിലായി 270 (ഭാഗം 1 & 2) ടൈറ്റിൽ പാഠപുസ്തകങ്ങളാണ് ഒന്നാം ഘട്ടത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങളും പരിഷ്കരിക്കുന്നതാണ്. കൂടാതെ പ്രീപ്രൈമറി ക്ലാസുകളിലേക്ക് പ്രത്യേക പാഠപുസ്തകങ്ങളും തയ്യാറാക്കും. 2024-25 അധ്യയനവർഷത്തിൽ ഒന്നാം ഘട്ടത്തിൽ തയ്യാറാക്കിയ പുതിയ പാഠപുസ്തകങ്ങൾ നിലവിൽ വരുന്നതാണ്. 2024 ജൂൺ മാസം സ്കൂൾ തുറക്കുന്നതിന് രണ്ടാഴ്ചമുമ്പ് തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതാണ്. അതിനു വേണ്ടുന്ന എല്ലാ ക്രമീകരണങ്ങളും ഇതിനോടകം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ഭാഷകളിലാണ് പ്രസ്തുത പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്; ഇതിൽ കല, വിദ്യാഭ്യാസം, തൊഴിൽ വിദ്യാഭ്യാസം എന്നിവയ്ക്ക് മുൻഗണന നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിന്റെ കാഴ്ചപ്പാട് വിശദമാക്കാമോ; | (ബി) | ഭാഷാവിഷയങ്ങൾ ഒഴികെയുള്ള എല്ലാ പാഠപുസ്തകങ്ങളും മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട എന്നിങ്ങനെ നാല് ഭാഷകളിലാണ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. ലൈഫ് സയൻസ് കേന്ദ്രീകരിച്ചുള്ള പഠനമാണ് ചെറിയ ക്ലാസുകൾ മുതൽ വിഭാവനം ചെയ്തിട്ടുള്ളത്. 1, 2 ക്ലാസുകളിൽ ഭാഷയും പരിസരപഠനവും സംയോജിപ്പിച്ച് തയ്യാറാക്കിയ കേരള പാഠാവലി പുസ്തകങ്ങളിൽ പ്രകൃതി പരിസരത്തെ മുൻനിർത്തിയുള്ള ആശയങ്ങളിലൂടെയാണ് പഠനം വികസിക്കുന്നത്. മൂന്ന്, നാല് ക്ലാസുകളിൽ പരിസരപഠനം എന്ന വിഷയം ലൈഫ് സയൻസിന്റെ അടിസ്ഥാന ആശയങ്ങളായ ജീവന്റെ സവിശേഷതകളും വൈവിധ്യവും, ആവാസം, ഭക്ഷ്യശൃംഖലാജാലം, മലിനീകരണം - കാരണങ്ങളും പ്രതിവിധിയും, ഭക്ഷ്യോത്പാദനം, ജലം, വായു, മണ്ണ് എന്നിവയുടെ ഗുണതയും മനുഷ്യന്റെ അതിജീവനവും തുടങ്ങിയ |

| | | | |
|---|---|---|---|
| | | | ആശയങ്ങളെല്ലാം കുട്ടിയുടെ പ്രായഘട്ടത്തിന് അനുയോജ്യമാംവിധം ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വയം നിയന്ത്രിതമായി ജീവിത സാഹചര്യങ്ങളെ നേരിടാൻ പ്രാപ്തിയുള്ള ഉത്തമ വ്യക്തികളായി മാറുവാൻ ഓരോ കുട്ടിയെയും പ്രാപ്തമാക്കുക എന്നതാണ് ഇത് സംബന്ധിച്ച സർക്കാരിന്റെ കാഴ്ചപ്പാട്. |
| (സി) | വിദ്യാർത്ഥികളിൽ പുരോഗമന ബോധ്യങ്ങൾ വളർത്തിയെടുക്കാൻ കഴിയുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരണങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | വിദ്യാർഥികളിൽ പുരോഗമന ബോധ്യങ്ങൾ വളർത്തിയെടുക്കാൻ കഴിയുന്ന തരത്തിലാണ് പാഠ്യപദ്ധതിയും അനുബന്ധ സാമഗ്രികളും തയ്യാറാക്കുന്നത്. നിലവിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ അടിസ്ഥാന രേഖയായിട്ടുള്ള കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023ൽ പാഠ്യപദ്ധതിയും മൂല്യാധിഷ്ഠിത പഠനവും എന്ന ഭാഗത്ത് ഒരു പരിഷ്കൃത സമൂഹം ത്യജിക്കേണ്ട നിരവധി പ്രവണതകളായ മദ്യം, പുകയില, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളോടുള്ള ആസക്തി, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, അക്രമവാസന, പകപോക്കൽ, പാർശ്വവത്കൃതരോടുള്ള വിവേചനം തുടങ്ങിയ സാമൂഹ്യ വിപത്തുകൾക്കെതിരെയുള്ള മനോഭാവം കുട്ടികളിൽ രൂപപ്പെടുത്തുന്നതിനുള്ള സമീപനം സ്വീകരിക്കണമെന്ന് കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പോലുള്ള സാമൂഹ്യ തിന്മകൾക്കെതിരായ മനോഭാവം പഠിതാക്കളിൽ രൂപപ്പെടാൻ ആവശ്യമായ ഉള്ളടക്കം പാഠപുസ്തകങ്ങളിലും പഠനാനുബന്ധ പ്രവർത്തനങ്ങളിലും പുതിയ പാഠപുസ്തകങ്ങളിൽ ഉറപ്പ വരുത്തിയിട്ടുണ്ട്. ജീവശാസ്ത്രം, സാമൂഹ്യശാസ്ത്രം പാഠപുസ്തകങ്ങളിൽ ഇത് സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ